# VIVEKANANDA .H.S For

## GIRLS KADAMPANAD.

# മഴത്തുള്ളികൾ

## വിദ്യാഭ്യാസത്തിന്റെ വേരുകൾ കയ്പുള്ളതാണ്,

## പക്ഷേ ഫലം മധുരമാണ്.



# അമ്മ

അമ്മയെന്നാദ്യം മൊഴിഞ്ഞു

ആദ്യം അരിയിൽ കുറിച്ചു

ഇമ്പത്തിൽ 'അ ' 'ആം '

മൊഴിഞ്ഞു

ഈണത്തിൽ 'ക' 'ഖ '

പഠിച്ചു



ഉമ്മ തന്നമ്മയും ചൊല്ലി

ഊനം കൂടാതെ വളരാൻ

ഋതുക്കളൊളിയിട്ടു പോയി

ഋതുദേവനെന്നെ തഴുകി

എന്നോമൽ കാന്തി

വളരാൻ

ഏറെയും പ്രാർത്ഥന ചെയ്തു

ഐരാവതത്തിനെ കാട്ടി

ഒപ്പം നന്ദിനി പശുവിനെ കൂട്ടി

ഓരോ കഥകളും ചൊല്ലി

ഔവ്വനിയൊക്കെയും കാട്ടി

അംബുജമാണെന്റെ 'അമ്മ

ആരാലും സ്നേഹിക്കുമമ്മ .

*AMRITHA .R*

# അനാഥാലയം

***ആ യുവാവും ഭാര്യയും കൂടി അനാഥാലയം നടത്തിപ്പുകാരനായ ഫാദറിന്റെ മുന്നിൽ ചെന്നു. അവർക്കൊപ്പം അവരുടെ കുട്ടികളും, പ്രായമായ പിതാവുമുണ്ടായിരുന്നു. വളരെ താഴ്മയോടും ദുഃഖത്തോടും കൂടി അവർ വരാന്തയിലിരുന്ന, പിതാവിനെ ചൂണ്ടി ഫാദറിനോട് പറഞ്ഞു.***

***ഫാദർ ദയവുചെയ്ത് ഞങ്ങളെ സഹായിക്കണം. എന്റെ പിതാവിനെ ഈ അനാഥാലയത്തിൽ ചേർക്കണം. ഞങ്ങടെ വീട് വളരെ ചെറുതാണ്. എല്ലാവർക്കും കൂടി താമസിക്കാനുള്ള സൗകര്യമില്ല. പോരാത്തതിന് ജോലിത്തിരക്കുകൾമൂലം ഞങ്ങൾക്ക് അച്ഛനെ നന്നായി ശ്രദ്ധിക്കാനും കഴിയുന്നില്ല. ഇതിനിടയിൽ വേണം ഈ രണ്ടുകുട്ടികളുടെ കാര്യം നോക്കാൻ."***

***" ഇവിടെ പൂർണ്ണമായും അനാഥരെ മാത്രമേ പ്രവേശിപ്പിക്കൂ. നിങ്ങടെ പിതാവ് അനാഥനല്ലല്ലോ? മകനും മരുമകളും കൊച്ചുമക്കളുമൊക്കെ ഉള്ള ആളല്ലേ? പിന്നെങ്ങനെ ഇവിടെ ചേർക്കാനാവും?" ഫാദർ പുഞ്ചിരിച്ചുകൊണ്ട് അവരെ നോക്കി.***

***" അങ്ങനെ പറയരുത് ഫാദർ, എത്ര രൂപവേണമെങ്കിലും ഡൊണേഷൻ തരാം. ഞങ്ങളെ കൈവെടിയരുത്. ഫാദറൊന്നു മനസ്സുവെച്ചാൽ മതി എല്ലാം നടക്കും. ഒരനാഥനായി പരിഗണിച്ചുകൊണ്ട് എന്റെ പിതാവിനെ ഇവിടെ ചേർക്കാമല്ലോ?"***

***" അനാഥനായിക്കണ്ടുകൊണ്ട് അല്ലേ? കൊള്ളാം..." എന്നു പറഞ്ഞ് ഫാദർ ഏതാനും നിമിഷം ചിന്തയിലാണ്ടു.***

പൂർണ്ണമായും അനാഥരല്ലാത്തവരെ അംഗങ്ങളായി ചേർക്കാൻ ഇവിടുത്തെ നിയമം അനുവദിക്കുന്നില്ല. അങ്ങനെ കള്ളം എഴുതിച്ചേർത്തുകൊണ്ട് ഇവിടെ അഡ്മിഷൻ കൊടുത്താൽ ഞാൻ കുറ്റക്കാരനാവും... എന്റെ ജോലിപോലും നഷ്ടമാവും. പോരാത്തതിന് ഒരിക്കൽ ഇതുപോലൊരാൾക്ക് ഇവിടെ അഡ്മിഷൻ കൊടുത്താൽ... ഭാവിയിൽ ഇതുപോലുള്ള ഒരുപാട് അപേക്ഷകൾ ഞങ്ങളെ തേടിയെത്തും. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് പറ്റില്ലെന്ന്."

ഈ സമയം യുവാവിന്റേയും യുവതിയുടേയും മുഖം വിവർണ്ണമായി. അവർ പരസ്പരം നോക്കി, തുടർന്ന് ദയനീയമായി ഫാദറിനേയും. ഈ സമയം ഫാദർ അവരെനോക്കി പറഞ്ഞു.

" നിങ്ങടെ വിഷമം എനിക്ക് മനസ്സിലാവും. പക്ഷേ, നിങ്ങളുടെ പ്രശ്നത്തിന് ഒരു പരിഹാരം ഞാനെത്ര ആലോചിച്ചിട്ടും കണ്ടെത്താനാവുന്നില്ല. പിന്നെ, എന്റെ മുന്നിലുള്ള ഏക പോംവഴി ഒന്നുമാത്രമാണ്. അതെന്തെന്നു കേൾക്കുമ്പോൾ, നിങ്ങൾക്കത് ഒരിക്കലും ഉൾകൊള്ളാൻ കഴിയില്ല. ഒരുപക്ഷേ, എന്നോട് ദേഷ്യം തോന്നുകയുമാവാം. എന്നിരുന്നാൽത്തന്നെയും... ഞാനോലോചിച്ചുനോക്കിയിട്ട് നിങ്ങളെ സഹായിക്കാൻ ഈ ഒരു മാർഗമേ കാണുന്നുള്ളൂ ..."

" എന്താണ് ഫാദർ? " അവർ ആകാംക്ഷയോടെ ഫാദറിനെ നോക്കി.

" എല്ലാവർക്കും കൂടി താമസിക്കാൻ വീട്ടിൽ സൗകര്യമില്ല, കൊച്ചുവീടാണ്. ഇതാണല്ലോ നിങ്ങളുടെ പ്രധാനപ്രശ്നം? പിന്നെ ജോലിത്തിരക്കുമൂലം കുട്ടികളേയും അച്ഛനേയും ഒരുമിച്ച്

നോക്കാൻ കഴിയുന്നില്ല. ഇതാണല്ലോ രണ്ടാമത്തെ പരാതി? ഇതിനുള്ള ഏകപരിഹാരം ഇവിടെ മുതിർന്നവരെ താമസിപ്പിക്കുന്ന

അനാഥമന്ദിരത്തോടനുബന്ധിച്ച് കുട്ടികളെ താമസിപ്പിക്കുന്ന ഒരനാഥമന്ദിരവുമുണ്ട്. അവിടെ അനാഥരല്ലാത്ത, മാതാപിതാക്കൾക്ക് നോക്കാൻ കഴിവില്ലാത്ത കുട്ടികളേയും ചേർത്തിട്ടുണ്ട്. ആ അനാഥമന്ദിരത്തിൽ നിങ്ങളുടെ കുട്ടികളെ ചേർക്കുക. അപ്പോൾ പിന്നെ, വീട്ടിൽ എല്ലാവർക്കും താമസിക്കാനുള്ള സൗകര്യവുമാകും. കുട്ടികളെ നോക്കാനായി സമയം ചിലവഴിക്കുകയും വേണ്ട. പിതാവുമൊത്തു നിങ്ങൾക്ക് കഴിയുകയുമാവാം."

ഫാദറിന്റെ പരിഹാരമാർഗം കേട്ട് അവർ കോപിഷ്ടരായി. കസേരയിൽ നിന്നും എഴുന്നേറ്റുകൊണ്ട് ആ യുവാവ് ഫാദറിനുനേരെ ശബ്ദമുയർത്തി.

"എന്ത് എന്റെ മക്കളെ അനാഥാലയത്തിൽ ചേർക്കാമെന്നോ? ഇല്ല ഫാദർ അതൊരിക്കലും നടക്കില്ല." അവന്റെ ശബ്ദം വിറകൊണ്ടു.

" ഈ പിഞ്ചുകുഞ്ഞുങ്ങളെ അനാഥാലയത്തിൽ ചേർക്കണമെന്നുപറയാൻ ഫാദറിനെങ്ങനെ തോന്നി? വിവരം കൂടിയവർക്ക് എന്തും പറയാമെന്നാണോ? ഇതും പറഞ്ഞിവിടേയ്ക്ക് വന്ന ഞങ്ങളെ പറഞ്ഞമാതിയല്ലോ?" പറഞ്ഞുനിർത്തിയിട്ട് തന്റെ മക്കളെ ചേർത്തുപിടിച്ചു ആ യുവതി.

കോപിഷ്ടരായി ജ്വലിച്ചുകൊണ്ടുനിന്ന ഇരുവരേയും സമാധാനിപ്പിച്ചുകൊണ്ട് ഏതാനം നിമിഷത്തിനുശേഷം ഒരു ചെറുപുഞ്ചിരിയോടെ ഫാദർ പറഞ്ഞു.

*" എന്റെ അഭിപ്രായത്തെ അംഗീകരിക്കാൻ നിങ്ങൾക്ക് ആവുന്നില്ല. പക്ഷേ, നിങ്ങടെ പ്രശ്നപരിഹാരത്തിനുള്ള ഏക പോംവഴിയാണ് ഞാൻ പറഞ്ഞത്. ഇതല്ലാതെ വേറൊരു മാർഗം ഈ പ്രശ്ന പരിഹാരത്തിനില്ല"*

*ജന്മം നൽകി വളർത്തി വലുതാക്കിയ പിതാവിനെ ജോലിത്തിരക്കിന്റേയും, വീട്ടിലെ അസൗകര്യങ്ങളുടേയും പേരുപറഞ്ഞുകൊണ്ട് അനാഥാലയത്തിൽ ഉപേക്ഷിക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നു. എന്നാൽ... ഇതേ അസൗകര്യങ്ങളും, ജോലിത്തിരക്കുകളുമെല്ലാം ഉണ്ടായിട്ടും സ്വന്തം കുഞ്ഞുങ്ങളെ അനാഥാലയത്തിൽ ഉപേക്ഷിക്കാൻ നിങ്ങൾ തയാറുമല്ല. "*

*" അപ്പോൾ നിങ്ങടെ പ്രശ്നം വീട്ടിലെ അസൗകര്യമോ... ജോലിത്തിരക്കുകളോ ഒന്നുമല്ല. പ്രായമായ പിതാവിനെ എന്നന്നേക്കുമായി വീട്ടിൽ നിന്നും ഒഴിവാക്കണം. അതിനായി നിങ്ങൾ പലവിധ ന്യായങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. അത്രമാത്രം." ഒരു നിമിഷം നിർത്തിയിട്ട് ഫാദർ അവരുടെ മുഖത്തേക്ക് നോക്കി. ഇരുവരും നിശബ്ദരായി തലകുമ്പിട്ടു നിൽക്കുകയാണ്.*

*" ഒരുകാര്യം നിങ്ങൾ മറക്കരുത്. ഒരുകാലത്ത്, ഇത്രയൊന്നും സൗകര്യങ്ങളും സമ്പത്തുമൊന്നും ഇല്ലാതിരുന്ന കാലത്ത് വളരെ ബുദ്ധിമുട്ടിയും പട്ടിണികിടന്നും ത്യാഗം സഹിച്ചുമെല്ലാമാണ് മാതാപിതാക്കൾ നിങ്ങളെ ഓരോരുത്തരേയും വളർത്തി വലുതാക്കിയത്. അന്നൊന്നും നിങ്ങൾക്കുള്ളതുപോലുള്ള നല്ലവീടോ,_*

*ശമ്പളമുള്ള ജോലിയോ ഒന്നും ഉണ്ടായിരുന്നില്ല. എന്നുകരുതി ഒരു മാതാപിതാക്കളും അവരുടെ കുട്ടികളേയോ മാതാപിതാക്കളേയോ ഉപേക്ഷിക്കുകയോ കൊന്നുകളയുകയോ ചെയ്തിട്ടില്ല. അതുകൊണ്ടുതന്നെ അക്കാലത്ത് ഇതുപോലുള്ള അനാഥമന്ദിരങ്ങളും ഉണ്ടായിരുന്നില്ല."*

*അതുകൊണ്ടാണ് ഞാൻ പറഞ്ഞത് സ്വന്തം മാതാപിതാക്കളെ അനാഥാലയത്തിൽ ഉപേക്ഷിക്കുന്നതിനോളം വലിയ തെറ്റല്ല സ്വന്തം കുട്ടികളെ അനാഥാലയത്തിൽ ഉപേക്ഷിക്കുന്നത്. ഇനി എന്തുവേണമെന്നു നിങ്ങൾക്ക് തീരുമാനിക്കാം." പറഞ്ഞുനിർത്തിയിട്ട് ഫാദർ മെല്ലെ എഴുന്നേറ്റ് വരാന്തയിലെ ചാരുബെഞ്ചിലിരുന്ന ആ പിതാവിന്റെ അരികിലേയ്ക്ക് നടന്നു.*

*ഏതാനം സമയം ആ ദമ്പതികൾ തലകുമ്പിട്ടുമിണ്ടാതിരുന്നു. തുടർന്ന് ഫാദറിന്റെ മുന്നിലേയ്ക്ക് ചെന്നുകൊണ്ട് പറഞ്ഞു.*

*" ഫാദർ ഞങ്ങളോട് ക്ഷമിക്കണം. ഞങ്ങൾക്ക് തെറ്റ് മനസ്സിലായി. ഇനി ഒരിക്കലും ഈ തെറ്റിന് ഞങ്ങൾ മുതിരില്ല." ഫാദറിനോട് യാത്രപറഞ്ഞുകൊണ്ട് പിതാവിനേയും കൂട്ടി അവർ കാറിൽകയറി.*

*ഈ സമയം കാറിലിരുന്നുകൊണ്ട് ആ വൃദ്ധപിതാവ് നന്ദിയോടെ ഫാദറിനെനോക്കി. ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നത് ഫാദർ കണ്ടു. അത് നന്ദിയുടേയും കടപ്പാടിന്റേയും നിസ്സഹായതയുടേയുമെല്ലാം കണ്ണുനീരാണെന്നു ഫാദറിനുതോന്നി.*

***ഫാദർ പുഞ്ചിരിപൊഴിച്ചുകൊണ്ട് ആ പിതാവിനെനോക്കി കൈവീശിക്കാണിച്ചു. ആ നിമിഷം ഫാദറിന്റെ മിഴികളിൽനിന്നും ആനന്ദത്തിന്റെ ഏതാനും കണ്ണുനീർത്തുള്ളികൾ അടർന്നുവീണു.***

SWADI SUNIL




1.മൊബൈൽ ഫോണുകൾക്കായി ഗൂഗിൾ കമ്പനി പുറത്തിറക്കിയ ഓപറേറ്റിംഗ് സിസ്റ്റം?

2.മൊബൈൽ ഫോണുകൾക്കായി ഗൂഗിൾ കമ്പനി പുറത്തിറക്കിയ ഓപറേറ്റിംഗ് സിസ്റ്റം?

3.മൊബൈൽ ഫോണുകൾക്കായി ഗൂഗിൾ കമ്പനി പുറത്തിറക്കിയ ഓപറേറ്റിംഗ് സിസ്റ്റം?

4.മൊബൈൽ ഫോണുകൾക്കായി ഗൂഗിൾ കമ്പനി പുറത്തിറക്കിയ ഓപറേറ്റിംഗ് സിസ്റ്റം?

5.മൊബൈൽ ഫോണുകൾക്കായി ഗൂഗിൾ കമ്പനി പുറത്തിറക്കിയ ഓപറേറ്റിംഗ് സിസ്റ്റം?

6.ഓപ്റ്റിക്കൽ ഫൈബറുകളുടെ ആവിർഭാവത്തിന് തിരികൊളുത്തിയ ആദ്യ ഗവേഷകൻ (നോബൽ സമ്മാന ജേതാവ്)?

7.മുള കൊണ്ട് മൌസും കീബോർഡും നിർമ്മിച്ച കമ്പനി?

8.'ഡോകോമോ' ഏത് ഭാഷയിലെ പദമാണ്? എന്താണ് അത് അർഥമാക്കുന്നത്?

9.കോരളത്തിലെ മുഴുവൻ വിദ്യാലയങ്ങളുടെയും ചരിത്രം ഉൾപ്പെടെയുള്ള വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്ന സംവിധാനം?

10.സംസ്ഥാനത്ത് ഐ.ടി, ധന വകുപ്പുകൾ സംയുക്തമായി നടപ്പാക്കിയ SPARK^ന്റെ പൂർണ്ണ രൂപം?



***1.ആൻഡ്രോയ്ഡ്***

***2.എൻ.ആർ. നാരായണ മൂർത്തി***

***3.21 ഡിസംബർ, 2001***

4.***Verdurez.com***

***5.എട്ടാം വയസ്സിൽ കോഴിക്കോട് പ്രസന്റേഷൻ സ്കൂളിന്റെ വെബ്സൈറ്റ് രൂപകൽപന ചെയ്ത ശ്രീലക്ഷ്മി സുരേഷ്.***

***6.ചാൾസ് കാവോ***

***7.അസൂസ്***

***8.ജപ്പാനീസ്, 'എല്ലായിടത്തും'***

***9.സ്കൂൾ വിക്കി***

1***0.Service and Payroll Administrative Repository of Kerala.***




SHIVANYA.M

# കമ്പ്യൂട്ടർ

*ഗണന/താരതമ്യ ക്രിയകൾ വളരെ വേഗത്തിൽ പ്രാവർത്തികമാക്കുന്ന ഒരു ഇലക്ട്രോണിക് സംവിധാനം. പ്രത്യേക നിർദേശങ്ങളിലൂടെ സൂചിപ്പിക്കുന്ന പ്രവൃത്തികൾ (process) പടിപടിയായി പ്രാവർത്തികമാക്കി ദ്രുതഗതിയിൽ പ്രശ്നപരിഹാരം കണ്ടെത്താൻ ഇവ സൗകര്യമേകുന്നു. പ്രാഗ്രാമുകൾ എന്നാണ് ഈ നിർദേശങ്ങളുടെ ശ്രേണി അറിയപ്പെടുന്നത്. ലഭ്യമാക്കിയിട്ടുള്ള വിവരങ്ങൾ വിസ്മയാവഹമായ വേഗത്തിൽ എടുത്തുപയോഗിക്കാനും നൽകുന്ന നിർദേശങ്ങളെ ഒട്ടും വ്യതിചലിക്കാതെ ക്രമാനുസരണം പ്രാവർത്തികമാക്കുവാനും എത്ര പ്രാവശ്യമെങ്കിലും ആവർത്തിക്കുവാനും ആവശ്യമെങ്കിൽ തുടർച്ചയായി ബന്ധപ്പെട്ട വിവരങ്ങൾ യഥായോഗ്യം സ്വീകരിക്കുവാനുമുള്ള സൗകര്യവും കംപ്യൂട്ടറുകളിൽ ലഭ്യമാണ്. ഇതുവഴി അതിസങ്കീർണമായ പ്രവൃത്തികൾ ആയാസരഹിതമായി ചെയ്തുതീർക്കാൻ കംപ്യൂട്ടറുകൾക്ക് കഴിയുന്നു.*

*കണക്കുകൂട്ടാൻ ആദ്യകാലങ്ങളിൽ ഉപയോഗിച്ചിരുന്ന യന്ത്രങ്ങളിൽ നിന്നും ഉടലെടുത്തതാണ് ആധുനിക കംപ്യൂട്ടറുകൾ. വിവിധ സാങ്കേതിക വിദ്യകൾ അടിസ്ഥാനമാക്കിയുള്ള വ്യത്യസ്തതരം കംപ്യൂട്ടറുകൾ ഇന്ന് നിലവിലുണ്ട്. അതിവേഗം മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന കംപ്യൂട്ടർ രംഗത്ത് ദിനംപ്രതിയെന്നോണം നൂതന സാങ്കേതികവിദ്യകൾ വികസിച്ചുവരുന്നു.*

# <u>കമ്പ്യൂട്ടറിന്റെ പാർട്ടുകൾ</u>




KEERTHANA R

# ഇൻഫർമേഷൻ ടെക്നോളജി

ആമുഖം

വിദ്യാഭ്യാസ സമ്പ്രദായത്തിൻ്റെ ഫലപ്രാപ്തിയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ലോകമെമ്പാടുമുള്ള അംഗീകൃത വിദ്യാഭ്യാസ ഉപകരണമാണ് ഇൻഫർമേഷൻ ടെക്നോളജി. പഠന സംവിധാനം മെച്ചപ്പെടുത്തുന്നതിനാണ് കമ്പ്യൂട്ടറുകൾ പ്രധാനമായും ഉപയോഗിക്കുന്നത്. ഓൺലൈൻ പഠനവും വിദൂര പരിശീലനവും പുതിയ വിദ്യാഭ്യാസ രൂപങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ, സ്ഥാപനങ്ങൾ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും മാത്രമല്ല, സാങ്കേതിക സൗഹൃദം ഉപയോഗിക്കണം. ഫീസ് പേയ്മെൻ്റിനായി വിലയേറിയ സമയം പാഴാക്കാൻ അവർ ആഗ്രഹിക്കുന്നില്ല, അവർക്ക് ഓൺലൈൻ ആപ്പോ വെബ് പോർട്ടലോ ഉപയോഗിക്കാം കൂടാതെ ഓൺലൈനിൽ തന്നെ വിദ്യാർത്ഥികളുടെ ദൈനംദിന റിപ്പോർട്ട് അവർക്ക് ലഭിക്കും.

1. വിദ്യാഭ്യാസത്തിൽ വിവര സാങ്കേതിക വിദ്യയുടെ പങ്ക്

വിവരസാങ്കേതികവിദ്യയുടെ പങ്ക് വിദ്യാഭ്യാസ പ്രവേശനത്തിൻ്റെ വിശാലത തെളിയിക്കുന്നു, താൽപ്പര്യമുള്ള ആളുകൾക്ക് ഒരു യോഗ്യതയ്ക്കോ പുതിയ തൊഴിൽ അവസരത്തിനോ പഠിക്കാൻ അവസരം നൽകുന്നു. വിദ്യാഭ്യാസ മേഖലയിൽ ഇൻഫർമേഷൻ ടെക്നോളജി വലിയ പങ്കുവഹിച്ചിട്ടുണ്ട്. മിക്ക സ്ഥാപനങ്ങളും തങ്ങളുടെ അധ്യാപന സാമഗ്രികൾ ഓൺലൈനിൽ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്, അതുവഴി വിദ്യാർത്ഥികൾക്ക് പതിവ് പ്രഭാഷണങ്ങൾക്കും ട്യൂട്ടോറിയലുകൾക്കും പുറത്ത് അവ ആക്സസ് ചെയ്യാൻ കഴിയും. കമ്പ്യൂട്ടർ ഉള്ള ഏതൊരാൾക്കും അവർ പഠിക്കും_

അല്ലെങ്കിൽ ബിരുദവും പഠിക്കാൻ കഴിയും, അതുപോലെ തന്നെ കരിയർ മാറ്റത്തിനും. ഇൻററിനെറ്റിലെ സെർച്ച് എഞ്ചിനുകൾ ഗവേഷണം എളുപ്പമാക്കുകയും എല്ലാ വിവരങ്ങളും വേഗത്തിൽ ഡെലിവർ ചെയ്യാവുന്ന രീതിയിൽ നൽകുകയും ചെയ്യുന്നു.

2. ഇന്റർനെറ്റിലെ പഠന വിഭവങ്ങൾ

ഇന്റർനെറ്റ് പഠന സാമഗ്രികൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. പഠിതാവിന് എന്തും ആക്സസ് ചെയ്യാനും ഉപയോഗിക്കാനും കഴിയും. പ്രധാനമായും പഠിക്കാനുള്ള ഇ-ബുക്കുകളും സിലബസ് പരിഷ്കരിക്കുന്നതിനുള്ള റിവിഷൻ ഗൈഡുകളും മുൻകാല പരീക്ഷാ പേപ്പറുകളും വെബ്സൈറ്റിൽ തന്നെ ലഭ്യമാണ്. വിദ്യാർത്ഥികൾക്ക് പഠിക്കാൻ താൽപര്യമുള്ളപ്പോഴെല്ലാം അത് ആക്സസ് ചെയ്യാൻ കഴിയും.

3. പഠന പ്രക്രിയയിൽ ഓഡിയോയും വിഷ്വലും ഉപയോഗിക്കുന്നു

ട്യൂട്ടർമാർക്കുള്ള വിദ്യാഭ്യാസത്തിൽ വിവരസാങ്കേതികവിദ്യയുടെ പ്രധാന ഉപയോഗം ഓഡിയോ, വിഷ്വൽ മെറ്റീരിയലുകൾ ഉപയോഗിച്ച് അവർക്ക് വളരെ എളുപ്പത്തിൽ വിദ്യാർത്ഥികളെ ഒരു പാഠം പഠിപ്പിക്കാൻ കഴിയും.

## 4. വിദൂര പഠനം

ഇപ്പോൾ ഇന്റർനെറ്റ് സൗകര്യങ്ങൾ ഉപയോഗിച്ച് നമുക്ക് ഫിസിക്കൽ ക്ലാസ്റൂം പഠനത്തെ ഡിജിറ്റൽ പഠനമാക്കി മാറ്റാം. ഇപ്പോൾ മാതൃരാജ്യത്ത് നിന്ന് പുറത്തുപോകാതെ വിദേശ സർവകലാശാലാ വിദ്യാഭ്യാസത്തിൽ പങ്കെടുക്കാൻ കഴിയും.

## 5. ഓൺലൈൻ ചർച്ചാ ഫോറങ്ങൾ

ഓൺലൈൻ ചർച്ചാ ഫോറങ്ങൾ ഉപയോഗിച്ച് വിദ്യാർത്ഥികൾക്ക് അവരുടെ അറിവ് പങ്കിടാൻ കഴിയും. ഒരു അസൈൻമെന്റിനോ പരീക്ഷയ്ക്കോ മുമ്പായി മെറ്റീരിയൽ അവലോകനം ചെയ്യാൻ വിദ്യാർത്ഥികളെ സഹായിക്കുന്നു.

## 6. റെക്കോർഡ് സൂക്ഷിക്കലും വീഡിയോ കോൺഫറൻസിങ് ടൂളും

സാങ്കേതികവിദ്യ ഉപയോഗിച്ച് നമുക്ക് വിദ്യാർത്ഥികളുടെ രേഖകൾ കൂടുതൽ ചിട്ടയായും സുരക്ഷിതമായും സൂക്ഷിക്കാൻ കഴിയും. റെക്കോർഡ് വിവരങ്ങൾ വീണ്ടെടുക്കുന്നത് എളുപ്പമായി.

അധ്യാപകർക്ക് എളുപ്പത്തിൽ വെർച്വൽ ക്ലാസുകൾ നടത്താനും വിദ്യാർത്ഥികൾക്ക് ഉയർന്ന നിലവാരമുള്ള പഠനാനുഭവം നൽകാനും കഴിയും. സ്ഥാപനത്തിന് ഏത് സമയത്തും എവിടെ നിന്നും എളുപ്പത്തിൽ മീറ്റിംഗുകളും കോൺഫറൻസുകളും നടത്താം.

## 7. കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠനം

ഇന്ന്, കമ്പ്യൂട്ടറുകൾ മൾട്ടിമീഡിയ പ്രൊജക്ടറുകൾ, പവർപോയിൻ്റ് അവതരണങ്ങൾ തുടങ്ങിയ വിവിധ ഉപകരണങ്ങളുടെ സഹായത്തോടെ അധ്യാപനത്തിൻ്റെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും പഠന പ്രക്രിയ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പരമ്പരാഗത അധ്യാപന രീതികൾ വിദ്യാർത്ഥികൾക്ക് വിരസതയുണ്ടാക്കും. എന്നാൽ വിവരസാങ്കേതികവിദ്യ പഠന പ്രക്രിയയെ ഗെയിമുകൾ, ആനിമേറ്റഡ് ഗ്രാഫിക്സ് മുതലായവയിൽ കൂടുതൽ താൽപര്യമുള്ളതാക്കുന്നു.

ഉപസംഹാരം

ഇപ്പോൾ, ഓരോ ജീവിതത്തിലും വിവര സാങ്കേതിക വിദ്യ പ്രധാനമാണ്. പ്രധാനമായും, കമ്പ്യൂട്ടറും വിവര സാങ്കേതിക വിദ്യയും നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ വലിയ സ്വാധീനം ചെലുത്തുന്നു. അധ്യാപന-പഠന പ്രക്രിയ മെച്ചപ്പെടുത്തുന്നതിന് വിവിധ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചിട്ടുണ്ട്. വിവരസാങ്കേതികവിദ്യ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തെ താൽപര്യവും ഫലപ്രദവുമാക്കുന്നു. വിദ്യാർത്ഥികൾക്ക് ബോറടിക്കാതെയും നിരാശപ്പെടാതെയും നന്നായി പഠിക്കാൻ കഴിയും.

# കമ്പ്യൂട്ടർ : ഗുണവും ദോഷവും

അവിശ്വസനീയമായ വേഗതയും കൃത്യതയും സംഭരണവും കാരണം മനുഷ്യജീവിതത്തെ വേഗത്തിലാക്കുന്നു, അതിലൂടെ മനുഷ്യന് എന്തും സംരക്ഷിക്കാനും ആവശ്യമുള്ളപ്പോൾ എളുപ്പത്തിൽ തിരയാനും കഴിയും. കമ്പ്യൂട്ടറിനെ ഒരു ബഹുമുഖ യന്ത്രം എന്ന് നമുക്ക് പറയാം, കാരണം അത് അവരുടെ ജോലികൾ നിർവഹിക്കുന്നതിൽ വളരെ

അയവുള്ളതാണ്. എന്നാൽ കമ്പ്യൂട്ടറുകൾക്ക് നിരവധി പ്രധാന ഗുണങ്ങളും ദോഷങ്ങളുമുണ്ട്.

ഈ ട്യൂട്ടോറിയലിൽ ഞങ്ങൾ ഇനിപ്പറയുന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്നു:

കമ്പ്യൂട്ടറിൻ്റെ പ്രയോജനങ്ങൾ

കമ്പ്യൂട്ടറിൻ്റെ പോരായ്മ

വൈറസ്, ഹാക്കിംഗ് ആക്രമണങ്ങൾ

കമ്പ്യൂട്ടറിൻ്റെ പ്രയോജനങ്ങൾ

മൾട്ടിടാസ്കിംഗ്

കമ്പ്യൂട്ടറിൻ്റെ പ്രധാന നേട്ടങ്ങളിലൊന്നാണ് മൾട്ടിടാസ്കിംഗ്. വ്യക്തിക്ക് ഒന്നിലധികം ജോലികൾ, ഒന്നിലധികം പ്രവർത്തനം, കുറച്ച് നിമിഷങ്ങൾക്കുള്ളിൽ സംഖ്യാ പ്രശ്നങ്ങൾ കണക്കാക്കാം. കമ്പ്യൂട്ടറിന് സെക്കൻഡിൽ ട്രില്യൺ നിർദ്ദേശങ്ങൾ നിർവഹിക്കാൻ കഴിയും.

വേഗത

ഇപ്പോൾ കമ്പ്യൂട്ടർ ഒരു കണക്കുകൂട്ടൽ ഉപകരണം മാത്രമല്ല. ഇപ്പോൾ ഒരു ദിവസത്തെ കമ്പ്യൂട്ടറിന് മനുഷ്യജീവിതത്തിൽ വളരെ വലിയ പങ്കുണ്ട്. കമ്പ്യൂട്ടറിൻ്റെ പ്രധാന നേട്ടങ്ങളിലൊന്ന് അതിൻ്റെ അവിശ്വസനീയമായ വേഗതയാണ്, ഇത് കുറച്ച് നിമിഷങ്ങൾക്കുള്ളിൽ അവരുടെ ജോലി പൂർത്തിയാക്കാൻ മനുഷ്യനെ സഹായിക്കുന്നു. അതിൻ്റെ വേഗത കാരണം എല്ലാ പ്രവർത്തനങ്ങളും വളരെ വേഗത്തിൽ നിർവഹിക്കാൻ കഴിയും, അല്ലാത്തപക്ഷം ചുമതല നിർവഹിക്കാൻ വളരെ സമയമെടുക്കും.

***ചെലവ് വലിയ അളവിലുള്ള ഡാറ്റ സംഭരിക്കുന്നു***

***ചെലവ് കുറഞ്ഞ പരിഹാരമാണിത്. കുറഞ്ഞ ബഡ്ജറ്റിൽ ഒരു വ്യക്തിക്ക് വലിയ ഡാറ്റ ലാഭിക്കാൻ കഴിയും. വിവരങ്ങൾ സംഭരിക്കുന്നതിനുള്ള കേന്ദ്രീകൃത ഡാറ്റാബേസാണ് ചെലവ് കുറയ്ക്കാൻ കഴിയുന്ന പ്രധാന നേട്ടം.***

***കൃത്യത***

***കണക്കുകൂട്ടലുകൾ മാത്രമല്ല കൃത്യതയോടെയും നിർവഹിക്കാൻ കഴിയും എന്നതാണ് കമ്പ്യൂട്ടറിൻ്റെ ഒരു പ്രധാന നേട്ടം.***

***ഡാറ്റ സുരക്ഷ***

***ഡിജിറ്റൽ ഡാറ്റ സംരക്ഷിക്കുന്നത് ഡാറ്റ സെക്യൂരിറ്റി എന്നാണ് അറിയപ്പെടുന്നത്._ വിനാശകരമായ ശക്തികളിൽ നിന്നും സൈബർ ആക്രമണം അല്ലെങ്കിൽ ആക്സസ് ആക്രമണം പോലുള്ള അനധികൃത ഉപയോക്താക്കളിൽ നിന്നുള്ള അനാവശ്യ പ്രവർത്തനങ്ങളിൽ നിന്നും കമ്പ്യൂട്ടർ സുരക്ഷ നൽകുന്നു.***

***കമ്പ്യൂട്ടറിൻ്റെ പോരായ്മ***

***നമുക്കറിയാവുന്നതുപോലെ, നേട്ടങ്ങൾ ദോഷങ്ങളോടൊപ്പം വരുന്നു.***

***വൈറസ്, ഹാക്കിംഗ് ആക്രമണങ്ങൾ***

***വൈറസ് ഒരു പുഴുവാണ്, ഹാക്കിംഗ് എന്നത് ചില നിയമവിരുദ്ധമായ ഉദ്ദേശ്യങ്ങൾക്കായി കമ്പ്യൂട്ടറിലൂടെയുള്ള അനധികൃത പ്രവേശനമാണ്. ഇമെയിൽ അറ്റാച്ച്മെൻ്റിൽ നിന്നും, ബാധിച്ച വെബ്സൈറ്റ് പരസ്യം കാണുമ്പോൾ, യുഎസ്ബി പോലുള്ള നീക്കം ചെയ്യാവുന്ന ഉപകരണത്തിലൂടെ വൈറസ് കൈമാറ്റം ചെയ്യപ്പെടുന്നു. ഒരിക്കൽ ഹോസ്റ്റ് കമ്പ്യൂട്ടറിൽ***

വൈറസ് കൈമാറ്റം ചെയ്യപ്പെടുമ്പോൾ അത് ഫയലിനെ ബാധിക്കുകയും ഫയലിനെ തിരുത്തിയെഴുതുകയും ചെയ്യും.

ഉദാഹരണത്തിന്: ട്വിറ്റർ ഉൾപ്പെടെ ഇന്റർനെറ്റിന്റെ വലിയൊരു ഭാഗം തകരാറിലായി. , Netflix, Reddit, CNN എന്നിവ 2016 ഒക്ടോബറിൽ IoT ബോട്ട്നെറ്റ് ഉപയോഗിച്ച് സേവന ദാതാവായ DYN-ൽ ഏറ്റവും വലിയ DDoS ആക്രമണം ആരംഭിച്ചു.

ഓൺലൈൻ സൈബർ കുറ്റകൃത്യങ്ങൾ

ഓൺലൈൻ സൈബർ കുറ്റകൃത്യം എന്നാൽ കമ്പ്യൂട്ടറും നെറ്റ്‌വർക്കും കുറ്റകൃത്യം ചെയ്യാൻ ഉപയോഗിച്ചിരിക്കാം. സൈബർ സ്റ്റാക്കിംഗ്, ഐഡന്റിറ്റി മോഷണം എന്നിവയാണ് ഓൺലൈൻ സൈബർ കുറ്റകൃത്യങ്ങൾക്ക് കീഴിൽ വരുന്ന പോയിന്റുകൾ.

ഉദാഹരണത്തിന് : ആമസോൺ അക്കൗണ്ട് പോലെയുള്ള നിങ്ങളുടെ ഷോപ്പിംഗ് അക്കൗണ്ടിലേക്കുള്ള ആക്സസ് ഇപ്പോൾ ഒരാൾക്ക് ലഭിച്ചേക്കാം, ആ വ്യക്തിക്ക് നിങ്ങളുടെ ഡെബിറ്റ് കാർഡ് അല്ലെങ്കിൽ ക്രെഡിറ്റ് കാർഡ് നമ്പർ പോലുള്ള നിങ്ങളുടെ സ്വകാര്യ വിവരങ്ങൾ അറിയാൻ കഴിയും, അത് ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയില്ല.

തൊഴിൽ അവസരങ്ങളിൽ കുറവ്

പ്രധാനമായും കഴിഞ്ഞ തലമുറ കംപ്യൂട്ടർ ഉപയോഗിച്ചിരുന്നില്ല അല്ലെങ്കിൽ കംപ്യൂട്ടറിനെ കുറിച്ചുള്ള പരിജ്ഞാനം ഉള്ള അവർ കമ്പ്യൂട്ടർ രംഗത്ത് വന്നപ്പോൾ വലിയൊരു പ്രശ്നം നേരിട്ടിരുന്നു. ബാങ്കിംഗ് മേഖലയിൽ നമ്മൾ കണ്ടതുപോലെ, ബാങ്കിംഗ് മേഖലയിൽ കമ്പ്യൂട്ടർ വന്നപ്പോൾ മുതിർന്ന ബാങ്ക് ജീവനക്കാർ ഈ പ്രശ്നം നേരിട്ടു.

***കമ്പ്യൂട്ടറിൻ്റെ പ്രധാന പോരായ്മകൾ ആയിരുന്നു മുകളിൽ, IQ ഇല്ല, ആശ്രിതത്വം ഇല്ല, വികാരമില്ല, ബ്രേക്ക് ഡൗൺ എന്നിവയാണ് കമ്പ്യൂട്ടറിൻ്റെ അടിസ്ഥാന പോരായ്മകൾ.***

ANNA.C.BENNY

# മഹാത്മാക്കളുടെ മഹത് വചനങ്ങൾ

ശിശുവിനെ മാന്യനാക്കാനല്ല , മനുഷ്യനാക്കാനാണ് വിദ്യാഭ്യാസം നൽകേണ്ടത്

- സ്പെൻസർ

വിദ്യാർഥിയെ മനസ്സിലാക്കുന്നതിലാണ് വിദ്യാഭ്യാസത്തിന്റെ രഹസ്യം

- എമേർസൺ

വിദ്യാഭ്യാസത്തിന്റെ കാതൽ ചിന്തയെത്രേ

- ഗാന്ധിജി

ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം

- ഗാന്ധിജി

ഏതു വിദ്യാഭ്യാസത്തിനും ഒരു ലക്ഷ്യം ഉണ്ടാവണം കാരണം വിദ്യാഭ്യാസം ഒരിക്കലും ലക്ഷ്യമല്ല മാർഗ്ഗമാണ്

- സിബിൽ മാർഷല്

നല്ല ഗ്രന്ഥം പരിധിയില്ലാത്ത നന്മയുടെ ചക്രവാളമാണ്

- ഗാന്ധിജി

പുസ്തകങ്ങളില്ലാത്ത ഭവനം ആത്മാവില്ലാത്ത ശരീരം പോലെയാണ്

***- സിസറോ***

***ഞാൻ വായിച്ചിട്ടില്ലാത്ത ഒരു പുസ്തകം എനിക്ക് തരുന്ന വ്യക്തിയാണ് ഏറ്റവും നല്ല സുഹൃത്ത്***

***- എബ്രഹാം ലിങ്കൻ***

***വ്യക്തികൾ മരിക്കും പക്ഷെ പുസ്തകങ്ങൾക്ക് മരണമില്ല***

***- റൂസ് വെൽത്ത്***

***SHIFA FATHIMA***


THE END